# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 432      06.02.2013 ൽ മറുപടിക്ക്

## തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളുടെ വിഭജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം, പാലക്കാട് എന്നീ റെയിൽവേ ഡിവിഷനുകളുടെ പരിധി ഏതുമുതൽ ഏതുവരെയാണ് ; വ്യക്തമാക്കുമോ ; | (എ) | തിരുവനന്തപുരം റയിൽവേ ഡിവിഷന്റെ പരിധി ഷൊർണൂർ മുതൽ മേലെപ്പാളയം വരെയും ഷൊർണൂർ മുതൽ കന്യാകുമാരി വരെയുമാണ്. പാലക്കാട് റയിൽവേ ഡിവിഷന്റെ പരിധി ഷൊർണൂർ മുതൽ കർണാടകയിലെ മംഗലാപുരം വരെയും, ഷൊർണൂർ മുതൽ തമിഴ്നാട്ടിലെ മദുക്കരവരെയും ഷൊർണൂർ മുതൽ വള്ളത്തോൾ നഗർവരെയും ഷൊർണൂർ മുതൽ നിലമ്പൂർ വരെയുമായണ്. |
| (ബി) | പ്രസ്തുത റെയിൽവേ ഡിവിഷനുകളെ വിഭജിക്കുവാൻ നീക്കം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അതിനെതിരായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) യും (ഡി) യും | വാർത്താ മാദ്ധ്യമങ്ങളിലൂടെ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 14.11.2012 ൽ എല്ലാ കാര്യങ്ങളും വിശദീകരിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തെഴുതുകയുണ്ടായി കൂടാതെ, അത്തരം നീക്കങ്ങൾ അവസാനിപ്പിക്കണമെന്നും തിരുവനന്തപുരം പാലക്കാട് കൊങ്കൺ റയിൽവേ ഡിവിഷനുകൾ യോജിപ്പിച്ച് കേരളത്തിനായി പെനിൻസുലാർ റയിൽവേ സോൺ രൂപീകരിക്കണമെന്നും 2013-14 ലെ റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി കേരളത്തിലെ റയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാരിനു 2012 നവംബറിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും, 02.01.2013 ന് കേന്ദ്രറയിൽവേ മന്ത്രിക്ക് കോഴിക്കോട് വച്ച് നല്കിയ മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ദക്ഷിണ റെയിൽവേയുടെ കീഴിൽ ഉയർന്ന വരുമാനമുള്ള പ്രസ്തുത ഡിവിഷനുകളെ വിഭജിക്കപ്പെടാതെ നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | | |

സെക്ഷൻ ഓഫീസർ